April 2016
Vol. 13 - Issue 04
Published on
2nd April. 2016

**Sahyanadham**
Annual Subscription Rs. 180.00

Reg. No. KL/IDK/08/16-18
RNI Reg. No. KERMAL / 2004 / 12498
Posted at Thodupuzha Stg.



Printed at St. Martha's Offset Printers, Murickassery, Idukki Dist. 685 604, Ph. 263688
Editor, Printer & Publisher. Rev. Fr. James Punnaplackal, Bishop's House, Idukki - 685 602

# സഹ്യനാദം

വാല്യം 13
ഏപ്രിൽ 2016
ലക്കം 04



## ഇടുക്കി രൂപതാ ബുള്ളറ്റിൻ

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 13
Issue No. : 4
Month : April 2016





*Patron*

**Mar Mathew Anikuzhikattil**
Bishop of Idukki

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*

Fr. Joseph Karikkoottathil

*Website & e-mail*

www.idukkidiocese.org
curiaidukkidiocese@gmail.com


## ഈ ലക്കത്തിൽ


| | |
|---|---|
| സർക്കുലർ | 05 |
| വിവാഹദൈവവിളി വിലമതിക്കപ്പെടട്ടെ | 09 |
| മെയ്ദിന സന്ദേശം | 15 |
| രൂപതക്കച്ചേരി | 23 |
| ക്രിസ്തുജ്യോതി | 33 |
| വിദ്യാഭ്യാസം | 34 |
| തിരുബാലസഖ്യം | 41 |
| ചെറുപുഷ്പ മിഷൻലീഗ് | 42 |
| കെ.സി.എസ്.എൽ. | 43 |
| കെ.സി.വൈ.എം. | 45 |
| കെ.സി.ബി.സി. മദ്യവിരുദ്ധസമിതി | 47 |
| കുടുംബ പ്രേഷിതത്വം | 48 |
| മാതൃവേദി | 48 |
| കേരള ലേബർ മൂവ്മെന്റ് | 49 |
| കരുണ ആശുപത്രി | 51 |
| ആത്മജ്യോതിയിലെ പരിപാടികൾ | 52 |
| അറിയിപ്പുകൾ | 52 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 53 |
| രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 54 |


*"നിന്നെ അനുതാപത്തിലേക്ക് നയിക്കുകയാണ് ദൈവത്തിന്റെ കരുണയുടെ ലക്ഷ്യമെന്നു നീ അറിയുന്നില്ലേ?"*

**(റോമ 2:4)**

## ഓർമ്മിക്കാൻ

### ഏപ്രിൽ മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 01 | : | വേദസാക്ഷികളുടെ തിരുനാൾ (സകല വിശുദ്ധരുടെയും തിരുനാൾ) |
| 02 | : | പാറത്തോട് മേഖല ഏകദിന കൺവൻഷൻ, മാതൃവേദി |
| | : | കൈയ്യെഴുത്ത് മാസിക മത്സരം, ചെറുപുഷ്പ മിഷൻലീഗ് |
| | : | ജീസസ് നൈറ്റ് കുഞ്ചിത്തണ്ണി, കെ.സി.വൈ.എം. |
| 03 | : | പുതുഞായർ, ദൈവകരുണയുടെ തിരുനാൾ |
| 03-08 | : | എഫ്ഫാത്താ ധ്യാനം, ആത്മജ്യോതി അടിമാലി |
| 05-06 | : | ഡയറക്ടർ മീറ്റ് മാനന്തവാടി, കെ.എൽ.എം. |
| 09 | : | വാർഷിക പരീക്ഷ, ക്രിസ്തുജ്യോതി |
| 10 | : | സ്കോളർഷിപ്പ് പരീക്ഷ, ക്രിസ്തുജ്യോതി |
| 11-13 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി അടിമാലി |
| 15-17 | : | ഏലിശ്വാധ്യാനം, ആത്മജ്യോതി അടിമാലി |
| 16 | : | വെള്ളയാംകുടി മേഖല ഏകദിന കൺവൻഷൻ, മാതൃവേദി |
| | : | രൂപതാ സന്ദർശനം, കെ.എൽ.എം. |
| 17-22 | : | യുവജനധ്യാനം, ആത്മജ്യോതി അടിമാലി |
| 18 | : | വൈദികർക്ക് സ്റ്റഡിഫോറം, കല്ലാർ |
| 19 | : | വൈദികർക്ക് സ്റ്റഡിഫോറം, വെള്ളയാംകുടി |
| 21 | : | ജോർദ്ദാനിയ കത്തീഡ്രൽ വാഴത്തോപ്പ്, മാതൃവേദി |
| 23 | : | വി. ഗീവർഗ്ഗീസ് വേ. (ഏപ്രിൽ 24 ഞായർ) |
| 24 | : | കൗമാരദിനം, കെ.സി.വൈ.എം. |
| | : | മാർ അദ്ദായി |
| 25 | : | വി. മർക്കോസ് സുവിശേഷകൻ |
| 25-27 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി അടിമാലി |
| 27-മെയ് 1 | : | ക്രിസ്റ്റീൻ ധ്യാനം സ്നേഹമന്ദിരം, കെ.സി.എസ്.എൽ. |
| 29 | : | സിയന്നായിലെ വി. കത്രീന |
| 30 | : | തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പ് (മെയ് 1 ഞായർ) |

## C. 8. മേജർ ആർച്ച് ബിഷപ്പിന്റെ സർക്കുലർ

**2016 ജനുവരി 7 മുതൽ 12 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസ് സഭാകേന്ദ്രത്തിൽ സമ്മേളിച്ച സീറോ മലബാർ സഭാ മെത്രാന്മാരുടെ 24-ാമത് സിനഡിന്റെ പ്രഥമ സമ്മേളനത്തിനുശേഷം എല്ലാ സീറോ മലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ച്ബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി പുറപ്പെടുവിക്കുന്ന സർക്കുലർ**

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരൻമാരേ,

സാർവത്രികസഭയിൽ കരുണയുടെ ജൂബിലി വർഷം ഉദ്ഘാടനം ചെയ്യപ്പെടുകയും കരുണയുടെ വാതിൽ നമ്മുടെ കത്തീഡ്രലുകളിലും മറ്റു തെരഞ്ഞെടുക്കപ്പെട്ട ദൈവാലയങ്ങളിലും തുറക്കപ്പെടുകയും ചെയ്തതിനു ശേഷമുള്ള സിനഡ് കഴിഞ്ഞ ജനുവരിയിൽ കൂടുകയുണ്ടായി. കാരുണ്യവാനായ പിതാവിന്റെ സാക്ഷികളായി ഇന്നത്തെ കാലഘട്ടത്തിൽ പ്രവർത്തിക്കുവാനും കാരുണ്യം ജീവിതത്തിന്റെ എല്ലാ തലങ്ങളിലും അനുഭവിക്കുവാനും നമുക്കാവണം. കാരുണ്യപ്രവർത്തനം സഭയുടെ സാമൂഹ്യപ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കേണ്ടതല്ല. വ്യക്തിപരമായ അനുഭവത്തിൽ നിന്ന് അത് ഒരു ജീവിതസാക്ഷ്യമായി മാറണം. എല്ലാവർക്കുമായി എല്ലായ്പ്പോഴും നീതിയുടേയും അനുരഞ്ജനത്തിന്റേയും വഴികൾ തുറക്കപ്പെടണം. ഇങ്ങനെയുള്ള കാരുണ്യപ്രവർത്തനങ്ങൾ സഭയിലെ എല്ലാവിഭാഗങ്ങളുടേയും പങ്കാളിത്തത്തോടെ സംഘടിപ്പിക്കുവാൻ നമുക്ക് കഴിയണം. വേദപാഠക്ലാസ്സുകളിൽ നാം പഠിച്ച 14 മനോഗുണ പ്രവൃത്തികൾ (ശാരീരികങ്ങളും, ആദ്ധ്യാത്മികങ്ങളും) അനുവർത്തിക്കുവാനുള്ള അവസരമാണ് കരുണയുടെ വർഷം. ഈ ജൂബിലി വർഷത്തിൽ കരുണയുടെ വാതിൽ തുറന്നിടുന്ന കത്തീഡ്രലുകളിലും അതിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന ദേവാലയങ്ങളിലും തീർത്ഥാടനം നടത്തി പൂർണ്ണ ദണ്ഡവിമോചനം നേടുവാനും ഏവരും ശ്രമിക്കുമല്ലോ.

റോമിൽ നടന്ന കുടുംബജീവിതത്തെപ്പറ്റിയുള്ള മെത്രാൻമാരുടെ സിനഡിന്റെ വെളിച്ചത്തിൽ ആധുനികകാലത്തെ വെല്ലുവിളികളെ നേരിടാൻ നമ്മുടെ കുടുംബങ്ങളെ പ്രാപ്തമാക്കേണ്ടതാണ് എന്ന് സിനഡ് അഭിപ്രായപ്പെട്ടു. കുടുംബബന്ധങ്ങളിൽ ഉണ്ടാകുന്ന





തകർച്ചകളുടെ കാരണങ്ങളും പരിഹാരങ്ങളും അജപാലന തലങ്ങളിൽ വിശകലനം ചെയ്യണ്ടേതുണ്ട്. കുടുംബങ്ങളിലെ പുതിയ വെല്ലുവിളികളെ അതിജീവിക്കുവാൻ കുടുംബജിവിതക്കാർക്കു പരിശീലനം നല്കാൻ വൈദികരും സന്യസ്തരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വിവാഹത്തിനു മുമ്പും അതിനുശേഷവും സഭ നല്കുന്ന പരിശീലനപരിപാടികൾ കുടുംബാംഗങ്ങളുടെ ആത്മീയവും ധാർമ്മികവുമായ വളർച്ചയെ വലിയ തോതിൽ സ്വാധീനിക്കുന്നുണ്ട്. കുടുംബങ്ങളിലെ പ്രായമായവരെ ബഹുമാനിക്കാനും അവരുടെ ശാരീരികവും മാനസികവുമായ ആരോഗ്യം ശ്രദ്ധിക്കുവാനും കുടുംബാംഗങ്ങൾ പരിശ്രമിക്കണം. കാരുണ്യവർഷത്തിൽ കുടുംബജീവിതക്കാർക്കുള്ള മാർപ്പാപ്പയുടെ പ്രത്യേക പരിഗണനയാണ് വിവാഹകോടതികളുടെ പ്രവർത്തനത്തിലുള്ള ലളിതവത്ക്കരണം. സിനഡ് ഈ വിഷയം ചർച്ച ചെയ്യുകയും ഇത്തരം നിയമനടപടികളിലുള്ള ഭേദഗതികൾ കാര്യങ്ങൾ ത്വരിതപ്പെടുത്തുവാൻ സഹായിക്കുമെന്ന് വിലയിരുത്തുകയും ചെയ്തു. അതേസമയം വിവാഹ ജീവിതത്തിന്റെ കൂദാശാപരവും ദൈവികവുമായ സവിശേഷതകളിൽ അല്പംപോലും പ്രാധാന്യം കുറച്ചു കാണാൻ ഈ നടപടികൾ കൊണ്ട് ഉദ്ദേശിക്കുന്നില്ല എന്നു വ്യക്തമാക്കുകയും ചെയ്തു.

നമ്മുടെ ജനങ്ങളുടെ കാർഷികപ്രശ്നങ്ങളും വിദ്യാഭ്യാസ മേഖലയിൽ നിലനില്ക്കുന്ന അനിശ്ചിതത്വവും സിനഡ് പിതാക്കൻമാർ ഉത്ക്കണ്ഠയോടെയാണ് അവലോകനം ചെയ്തത്. റബർ, ഏലം, നെല്ല് ഉൽപ്പാദകർ, ക്ഷീരകർഷകർ എന്നിവരുടെ പ്രശ്നങ്ങളിൽ അനുഭാവപൂർണ നിലപാടെടുക്കുവാൻ ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അനന്തരഫലങ്ങളും പരിസ്ഥിതിലോലപ്രദേശങ്ങൾ സംബന്ധിച്ചുള്ള പ്രശ്നങ്ങളും സഭാപിതാക്കന്മാർ സശ്രദ്ധം ചർച്ച ചെയ്യുകയുണ്ടായി. കാർഷിക വിദ്യാഭ്യാസമേഖലകളുടെ ക്ഷേമത്തിനായി സർക്കാരുകൾ നല്കിയിട്ടുള്ള വാഗ്ദാനങ്ങൾ പാലിക്കപ്പെടേണ്ടതാണ്.

കേരളത്തിലെ മദ്യനയത്തിലുണ്ടാകുന്ന ഗുണകരമായ മാറ്റം ശ്ലാഘനീയമാണ്. ഇതുപോലുള്ള സാമൂഹ്യപ്രശ്നങ്ങളിൽ ജനമുന്നേറ്റം ഉറപ്പുവരുത്തുവാനും കൂടുതൽ അവബോധം ജനങ്ങളിൽ സൃഷ്ടിക്കുവാനും കത്തോലിക്കാ കോൺഗ്രസിനു സാധിക്കും. ഈ

സംഘടനയക്ക് സർവ്വവിധ സഹായ സഹകരണങ്ങൾ നല്കുവാൻ ഏവരും ശ്രമിക്കുമല്ലോ.

നമ്മുടെ സഭയുടെ പ്രേഷിതപ്രവർത്തനങ്ങൾ ഊർജിതമായി നടക്കുന്നതിൽ സന്തുഷ്ടിയുണ്ട്. അതിനായുള്ള ASSM ഫണ്ട് സ്വരൂപിക്കുന്നതിന് നിങ്ങൾ കാണിക്കുന്ന താൽപര്യത്തിനും ഉദാരമായ സംഭാവനകൾക്കും ഈയവസരത്തിൽ നന്ദിപറയുന്നു. ഇന്ത്യയിലെ പ്രവാസികളുടെ അജപാലന ശുശ്രൂഷക്കായി വന്ദ്യ റാഫേൽ തട്ടിൽ പിതാവിന്റെ നേതൃത്വത്തിൽ കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുതായി നിങ്ങൾക്ക് അറിയാമല്ലോ. അതിനായി നാഗ്പൂർ കേന്ദ്രമാക്കി ഒരു ഓഫീസ് പ്രവർത്തിക്കുന്ന കാര്യം സന്തോഷപൂർവ്വം അറിയിക്കുന്നു. പ്രവാസിമക്കൾക്കുള്ള വിസിറ്റേറ്ററിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ സഹായസഹകരണങ്ങളും നല്കണമെന്ന് ഈയവസരത്തിൽ ഓർമ്മിപ്പിക്കുന്നു. സഭയിലെ പ്രവാസികളുടെ അജപാലന ശുശ്രൂഷയിൽ കൂടുതൽ കാര്യക്ഷമതയും സഭാത്മക പങ്കാളിത്തവും ഉറപ്പു വരുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈയിടെ കാനഡയിൽ എക്സാർക്കേറ്റ് ഉണ്ടായതിലൂടെയും മാണ്ട്യാ രൂപതയുടെ അതിർത്തികൾ വ്യാപിച്ചതിലൂടെയും ഇക്കാര്യത്തിൽ ക്രിയാത്മകമായ വളർച്ച കൈവരിക്കുവാൻ നമുക്കു സാധിച്ചു. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ വിലയിരുത്തുവാനും പുതിയ പ്രേഷിതപ്രവർത്തന പദ്ധതികൾ ആവിഷ്ക്കരിക്കുവാനുമായി കേരളത്തിൽ ദക്ഷിണമേഖലയിലും (വടവാതൂർ) മദ്ധ്യമേഖലയിലും (കാക്കനാട്) ഉത്തരമേഖലയിലും (തലശ്ശേരി) മിഷൻ സെമിനാറുകൾ നടത്തുവാൻ സിനഡു തീരുമാനിച്ചിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിലെ നമ്മുടെ വിശ്വാസികൾക്കുള്ള അജപാലന ശുശ്രൂഷകൾ കൂടുതൽ കാര്യക്ഷമമാക്കുവാനുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. എന്റെ അബുദാബി സന്ദർശനത്തിന്റെയും സിനഡു കുവൈറ്റിലേക്കു നിയോഗിച്ച ഡെലഗേഷന്റെയും റിപ്പോർട്ട് ഈ സിനഡിൽ അവതരിപ്പിക്കുകയുണ്ടായി.

പരമ്പരാഗതമായി നമ്മുടെ പൂർവ്വപിതാക്കന്മാരിൽ നിന്നു നമുക്കു ലഭിച്ചിട്ടുള്ള വിശ്വാസത്തിന്റെ ആഘോഷമാണ് ആരാധനക്രമം. നമ്മുടെ കുർബാനക്രമം കാലോചിതമായി പരിഷ്കരിക്കുവാനുള്ള ശ്രമത്തിലാണ് സഭാ സിനഡ്. നമ്മുടെ സഭയുടെ തനതായ ദൈവശാസ്ത്രപാരമ്പര്യങ്ങളുടെയും ആദ്ധ്യാത്മികതയുടെയും ഭര



ണ നിയമ സംവിധാനങ്ങളുടെയും പശ്ചാത്തലത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ വിഭാവനം ചെയ്യുന്ന രീതിയിൽ ഈ നവീകരണ പ്രക്രിയ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ആരാധനക്രമത്തിന്റെ മൂല ഭാഷയിലുള്ള പ്രാർത്ഥനകളുടെ പൂർണ്ണരൂപം സംരക്ഷിക്കപ്പെടേണ്ടത് ഗദ്യരൂപത്തിലായതിനാൽ അതിന്റെ സംഗീതാത്മകത (chanting) പ്രധാനപ്പെട്ടതാണ്. ഇക്കാര്യത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ ചില ഈണങ്ങൾ സിനഡിൽ അവതരിപ്പിക്കുകയുണ്ടായി. കുട്ടികളുടെ ആഘോഷപൂർവമായ കുർബ്ബാനസ്വീകരണത്തിനും ആദ്യകുമ്പസാരത്തിനും പരിശീലനം നല്കുന്നതിനുള്ള പുസ്തകത്തിന് സിനഡ് അംഗീകാരം നല്കി. നമ്മുടെ എല്ലാ ഇടവകകളിലും കുട്ടികളുടെ പരിശീലനത്തിന് ഈ പുസ്തകം സ്വീകരിക്കുമല്ലോ. ഈ വർഷം ആഗസ്റ്റ് മാസം നടക്കുന്ന സീറോ മലബാർ അസംബ്ലിയുടെ വിശദാംശങ്ങൾ സിനഡിൽ അവതരിപ്പിച്ചു. അതിനായുള്ള മാർഗരേഖ (Lineamenta) സിനഡ് അഗീകരിക്കുകയുണ്ടായി. അസംബ്ലിയുടെ മുഖ്യവിഷയം "ആധുനികലോകത്തിലെ വെല്ലുവിളികളും സഭയുടെ പ്രത്യുത്തരവും - ജീവിതത്തിലെ ലാളിത്യം, കുടുംബത്തിലെ സാക്ഷ്യം, പ്രവാസികളുടെ ദൗത്യം" എന്നതാണ്. നമ്മുടെ സഭയുടെ എല്ലാ രൂപതകളിലും ഈ രേഖ പഠിക്കുകയും ചർച്ചചെയ്യുകയും ചെയ്യുമല്ലോ. നമ്മുടെ സഭ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതിന്റെ രജതജൂബിലിയാഘോഷത്തിന്റെ ഉദ്ഘാടനവും ഈ അസംബ്ലിയുടെ അവസരത്തിൽ നടത്തുന്നതാണ്.

വളരെ ഫലപ്രദവും സജീവവുമായ ചിന്തകൾക്കും ചർച്ചകൾക്കും തീരുമാനങ്ങൾക്കും ശേഷം ജനുവരി 12 -ാം തീയതി വൈകുന്നേരം ആറു മണിയോടെ സിനഡ് സമാപിച്ചു. സിനഡിന്റെ എല്ലാ പ്രവർത്തനങ്ങളും നമ്മുടെ സഭയുടെ വളർച്ചയ്ക്കും നന്മയ്ക്കും ഉപകരിക്കുന്നതിന് നിങ്ങളെല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

29-02-016

ഈശോയിൽ സ്നേഹപൂർവ്വം,

ജോർജ് കാർഡിനൽ ആലഞ്ചേരി, മേജർ ആർച്ചുബിഷപ്പ്

# C. 9. വിവാഹദൈവവിളി വിലമതിക്കപ്പെടട്ടെ

മിശിഹായിൽ പ്രിയ സഹോദരീ, സഹോദരന്മാരേ,

പുതിയ ഇസ്രായേലായ സഭ വിശുദ്ധിയിലേയ്ക്കും പരിപൂർണതയിലേയ്ക്കും വിളിക്കപ്പെട്ടിരിക്കുന്ന തന്റെ മക്കൾക്ക് പൗരോഹിത്യ സമർപ്പിത ജീവിതങ്ങൾക്കൊപ്പമാണ് വിവാഹമെന്ന കൂദാശയെയും കുടുംബത്തെയും കാണകാണിച്ചുതരുന്നത്. ''വിവാഹം വിലമതിക്കപ്പെടാത്ത സമൂഹത്തിൽ സമർപ്പിത കന്യാത്വവും ബ്രഹ്മചര്യവും നിലനിൽക്കാതാവും. എവിടെ ദൈവിക ദാനമായ മനുഷ്യ ലൈംഗികത മൂല്യമില്ലാതാകുന്നുവോ അവിടെ ദൈവരാജ്യത്തിനു വേണ്ടി ലൈംഗികതയുടെ പരിത്യജിക്കൽ അർത്ഥരഹിതമായിത്തീരും'' (*കുടുംബം ഒരു കൂട്ടായ്മ* 16). സൃഷ്ടിയിലൂടെ ദൈവം വെളിപ്പെടുത്തിയ അടിസ്ഥാനവിളിയായ വിവാഹം, രക്ഷാകരപദ്ധതിയിലും ദൗത്യമേൽപിക്കപ്പെട്ട ജീവിതാവസ്ഥയാണ്. ഇന്ന് വ്യത്യസ്തങ്ങളായ കാരണങ്ങളാൽ വിവാഹജീവിതം ആശ്ലേഷിക്കാതെ, ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനാവാതെ നില്ക്കുന്ന വ്യക്തികൾ കുടുംബങ്ങളുടെ തുടർച്ചയ്ക്കും ഉയർച്ചയ്ക്കും അതിലൂടെ സഭയ്ക്കും സമൂഹത്തിനും വെല്ലുവിളിനയുയർത്തുന്ന പശ്ചാത്തലത്തിൽ വിവാഹത്തെക്കുറിച്ചുള്ള ദൈവികപദ്ധതി ഒരിക്കൽകൂടി നിങ്ങളേവരുടെയും വിചിന്തനത്തിനായ് നല്കുന്നു.

## A. വിവാഹം ദൈവികസ്നേഹവും ദൈവീകജീവനും പങ്കുവയ്ക്കുന്ന കൂദാശ

ക്രൈസ്തവവിവാഹം ഒരു കൂദാശയാണ്. സാധുവായി നടന്ന സ്നേഹവിവാഹബന്ധം ദൈവം സ്ഥാപിച്ച ഉടമ്പടിയും, മരണം വരെ നിലനില്ക്കേണ്ട ബന്ധവുമാണ്. അതിനെ ആരും വേർതിരിക്കാൻ പാടില്ല. എന്നാൽ ഇന്നത്തെ മാധ്യമസംസ്കാരം യുവതലമുറക്ക് വിവാഹത്തെപ്പറ്റി വികലമായ കാഴ്ചപ്പാടുകൾ നല്കിയിട്ടുണ്ട്. യുവതീയുവാക്കൾക്ക് കൂട്ടുകൂടാനുള്ള വ്യവസ്ഥിതിയായി വിവാഹത്തെ അവതരിപ്പിക്കുന്നു. ഇവിടെ മാതാപിതാക്കൾ മക്കളുടെ വിശ്വാസപരിശീലനത്തിൽ വളരെ അധികം ശ്രദ്ധിക്കാനുണ്ട്. വിവാഹത്തെപ്പറ്റിയുള്ള ശരിയായ ക്രിസ്തീയ പ്രബോധനം നല്കു



ന്നതോടൊപ്പം നല്ല മാതൃക കാട്ടി കുടുംബജീവിതം നയിച്ചുകാണിക്കുകയും വേണം. വിവാഹം എന്ന കൂദാശ പരി. ത്രിത്വത്തിലെ ഐക്യവും സ്നേഹവും പ്രകടമാക്കുന്ന ഒന്നാണ്. വി. ഗ്രന്ഥം ഇപ്രകാരം പഠിപ്പിക്കുന്നു: ദൈവം വീണ്ടും അരുളിച്ചെയ്തു: ''നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം'' (ഉൽപത്തി 1:26). ദൈവം തന്റെ തന്നെ സത്തയിലേക്ക്, സ്നേഹത്തിലേക്ക്, സൃഷ്ടികർമ്മത്തിലൂടെ മനുഷ്യനെ പങ്കുകാരാക്കി. സ്വാതന്ത്ര്യവും കൂട്ടായ്മയും നല്കി മഹത്വപൂർണരായി മനുഷ്യരെ രൂപപ്പെടുത്തിയ ദൈവം, തന്റെ സൃഷ്ടികർമ്മം തുടരാൻ അവരെ നിയോഗിക്കുകയും ചെയ്തു. ''ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ'' (ഉൽ 1: 28). ആകായാൽ ജീവന്റെയും സ്നേഹത്തിന്റെയും ദൃഢബന്ധമായ ഒരു സമൂഹമായിട്ടാണ് ദൈവത്തിന്റെ പദ്ധതിയിൽ കുടുംബം സ്ഥാപിക്കപ്പെട്ടത് ( *Gaudium et spes* 48). ഈ ദൈവീകപദ്ധതി ഉത്തരവാദിത്വപൂർണമായി നിർവ്വഹിക്കാവുന്ന ഏക കൂദാശ വിവാഹമാണല്ലൊ. ''വിവാഹമെന്ന കൂദാശയുടെ ദാനം ക്രൈസ്തവദമ്പതികളെ സംബന്ധിച്ചിടത്തോളം, ഒരേസമയം ഒരു ദൈവവിളിയും ദൈവകല്പനയുമാണ്'' (*കുടുംബം ഒരു കൂദാശ* 20). ''ആദിയിൽ കർത്താവ് സൃഷ്ടിച്ചപ്പോൾ സൃഷ്ടികളുടെ കർമ്മരംഗവും നിർണയിച്ചു. ശാശ്വതമായ ക്രമത്തിലാണ് അവയെ സംവിധാനം ചെയ്തത്. അത് ഭാവിതലമുറകൾക്കും ബാധകമാണ്'' (പ്രഭാ. 16:26-27). അതിനാൽ വിവാഹം അവഗണിക്കുന്നവരും, ദാമ്പത്യകൂട്ടായ്മയെ മനഃപ്പൂർവ്വം ആശ്ലേഷിക്കാൻ അലസത കാണിക്കുന്നവരും, ഗൗരവതരമായ തിൻമയിലാണന്ന് പറയേണ്ടിവരും.

## B. ദൈവാശ്രയ ബോധവും വിശ്വാസജീവിതവും ക്ഷയിക്കുന്നു

ആധുനിക മനുഷ്യൻ ശാസ്ത്രസാങ്കേതിക രംഗത്തും വാർത്താവിനിമയ, മാധ്യമരംഗത്തും നേടിയ നേട്ടങ്ങളും അത്യാധുനിക ഗവേഷണങ്ങളുമെല്ലാം വിവാഹജീവിതത്തെയും കുടുംബത്തെയും വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. പഠനത്തിന്റെയെല്ലാമവസാനം, ഉന്നതമായ ജോലിയും ആധുനിക സുഖസൗകര്യങ്ങളു

മെല്ലാം ആർജ്ജിച്ചശേഷം മാത്രം വിവാഹം എന്നത് പലരുടെയും ധാരണയാണ്. പഠനവും ജോലിയും സാമ്പത്തിക ലക്ഷ്യപൂർത്തീകരണ മാർഗങ്ങളാണ്. എന്നാൽ വിവാഹം ദൈവീകപദ്ധതിയോടുള്ള അനുസരണത്തിന്റെ മാർഗ്ഗമാണ്. കഴിയുന്നത്ര കാലം ജീവിതമാസ്വദിച്ചശേഷം മതി വിവാഹം എന്ന കാഴ്ചപ്പാട് യുവാക്കളുടെയിടയിൽ അധാർമ്മിക പ്രവണതകൾ വർദ്ധിക്കാൻ കാരണമാകുന്നു. സ്വയം പര്യാപ്തതയിലെത്തിയിട്ടുമതി വിവാഹമെന്ന ചിന്ത ദൈവപരിപാലനയിലോ, ദൈവാശ്രയബോധത്തിലോനിന്ന് ഉളവാകുന്നതല്ല. അത് ലോകത്തിന്റേതായ കാഴ്ചപ്പാടാണ്. ''എന്തുതിന്നുമെന്നോ എന്തുകുടിക്കുമെന്നോ അന്വേഷിക്കേണ്ട; ആകുലചിത്തരാവുകയും വേണ്ട. ഈ ലോകത്തിന്റെ ജനതകളാണ് ഇതെല്ലാമന്വേഷിക്കുന്നത്. നിങ്ങൾക്ക് ഇതെല്ലാം ആവശ്യമാണെന്ന് നിങ്ങളുടെ പിതാവിനറിയാം. നിങ്ങൾ അവിടുത്തെ രാജ്യം അന്വേഷിക്കുവിൻ ഇവയെല്ലാം അതോടൊപ്പം നിങ്ങൾക്കു ലഭിക്കും'' (ലൂക്ക 12:29-31). വിവാഹശേഷവും പഠനം തുടരാനും ജോലി സമ്പാദിക്കാനും കഴിയുമെന്ന ബോദ്ധ്യത്തിൽ വളരണം.

## C. വർദ്ധിച്ചുവരുന്ന വന്ധ്യതാ പ്രശ്നങ്ങൾ

സീറോമലബാർ സഭയിൽ 1991 നു ശേഷവും 2006 നുമിടയിൽ വിവാഹിതരായവരിൽ 11083 കുടുംബങ്ങൾ സന്താനഭാഗ്യമില്ലാതെ കഴിയുന്നുണ്ട്. ശാരീരികമായ പലകാരണങ്ങളുമുണ്ടെങ്കിലും വളരെ ഗൗരവമായി ചികിത്സകർ പറയുന്ന ഒരു കാരണം നമ്മുടെ ശ്രദ്ധ പതിയേണ്ടതാണ്. പ്രത്യുത്പാദനശേഷി ഇന്ന് 10-12 വയസ്സുള്ള കുട്ടികളിൽ പോലും യാഥാർത്ഥ്യമാണ്. കാലാവസ്ഥാവ്യതിയാനവും മാറിക്കൊണ്ടിരിക്കുന്ന ജീവിതശൈലികളും ഭക്ഷണരീതികളും ഇതിനു കാരണമാകാം. എന്നാൽ 30 വയസിനുശേഷം വിവാഹിതരാകുന്നവർക്ക്, ഗർഭധാരണ സാധ്യത കുറയുന്നു. ഇന്ന് വ്യാപകമാകുന്ന പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗങ്ങൾ, ക്യാൻസർപോലുള്ള രോഗങ്ങൾ, വർദ്ധിച്ചുവരുന്ന മദ്യാസക്തി, ലഹരിമരുന്നുകളുടെ ഉപയോഗം, മൊബൈൽ അണുവികിരണം തുടങ്ങിയവയെല്ലാം പ്രത്യുത്പാദനശേഷി കുറയാനും തദ്വാരാ വന്ധ്യതാ പ്രശ്നങ്ങൾക്കും കാരണമാകുന്നു. ''തഴച്ചുവളരുന്ന വൃക്ഷത്തിൽ കൊഴിയുകയും വീണ്ടും തളിർക്കുകയും ചെയ്യുന്ന ഇലകൾ പോലെയാണ്



മനുഷ്യന്റെ തലമുറകൾ. ഒരുവൻ മരിക്കുന്നു മറ്റൊരാൾ ജനിക്കുന്നു'' (പ്രഭാ. 14:18). വിവാഹപ്രായം കൂടിവരുന്ന സമൂഹത്തിൽ ഇലകൾ കൊഴിയുന്നു, തളിർക്കലില്ല. ''ഉത്തമനായ മനുഷ്യൻ തന്റെ അവകാശം തലമുറകളിലേയ്ക്ക് കൈമാറുന്നു'' (സുഭാ. 13:22). വിവാഹത്തിലൂടെയാണ് ഈ കൈമാറ്റമെങ്കിൽ അവിവാഹിതർ വർദ്ധിക്കുന്ന സമൂഹം ഒന്നും കൈമാറാനാവാതെ നാശത്തിലേക്ക് നീങ്ങും.

## D. മാതൃകാദമ്പതികളും കുടുംബങ്ങളും കാലഘട്ടത്തിന്റെ ആവശ്യം

കുടുംബം ജീവന്റെയും സ്നേഹത്തിന്റെയും തിരുക്കൂടാരമായി മാറുമ്പോഴാണ് ഉത്തമരായ തലമുറകൾ സഭയ്ക്കും രാഷ്ട്രത്തിനും സമ്മാനിക്കപ്പെടുന്നത്. ''നല്ല വൃക്ഷം നല്ല ഫലങ്ങൾ തരുന്നു'' (മത്താ 7: 17). അവിവാഹിതരായവരെ വിവാഹജീവിതത്തിലേയ്ക്ക് പ്രേരിപ്പിക്കാനും, പ്രചോദിപ്പിക്കാനും, പ്രോത്സാഹിപ്പിക്കാനും, ദമ്പതികൾ ശ്രദ്ധിക്കണം. ഉത്തമരായ 10 ദമ്പതികൾ എങ്കിലും ഒരു ഇടവകയിൽ ഉണ്ടാവണം. അവരുടെ ദാമ്പത്യമാതൃക, സ്നേഹത്തിലുള്ള ആഴവും ജീവനോടുള്ള തുറവിയും യുവജനങ്ങളെ വിവാഹജീവിതമാശ്ലേഷിക്കാൻ സഹായിക്കും. ''ഭാര്യയാണ് പുരുഷന്റെ സമ്പത്ത് അവന്റെ തുണയും താങ്ങും അവൾ തന്നെ'' (പ്രഭാ 36:24). യൗവ്വനാരംഭത്തിൽ തന്നെ, ശരീരത്തിന്റെയും മനസിന്റെയും നൈർമ്മല്യവും വിശുദ്ധിയും നഷ്ടപ്പെടുത്താതെ തന്റെ ജീവിത പങ്കാളിക്കുവേണ്ടി സ്വയംദാനം ചെയ്യാൻ യുവജനങ്ങളെ പരിശീലിപ്പിക്കേണ്ട ദൗത്യം യഥാർത്ഥത്തിൽ കുടുംബങ്ങളിൽ നിന്നാണ് തുടങ്ങേണ്ടത്. ''നിന്റെ കിണറ്റിൽ നിന്നുമാത്രമേ വെള്ളം കുടിക്കാവൂ. നിന്റെ ഉറവ നിന്റെ യൗവ്വനത്തിലെ ഭാര്യ അനുഗൃഹീതയായിരിക്കട്ടെ അവളിൽ ആനന്ദം കൊള്ളുക'' (സുഭാ 5:15-18). വിവാഹത്തെ ആശ്ലേഷിക്കാനാഗ്രഹിക്കാതെ, ആത്മിയമോ, മാനസികമോ, ശാരീരികമോ, ബുദ്ധിപരമോ ആയ ഒരുക്കമില്ലാതെ, മദ്യാസക്തിക്കും, അസൻമാർഗ്ഗിക ബന്ധങ്ങളിലും, ലൈംഗിക വൈകൃതങ്ങളിലും ആധുനിക യുവജനങ്ങൾ കാലിടറുമ്പോൾ അതിന് ഒരോ കുടുംബവും ആത്മപരിശോധന ചെയ്യേണ്ടിവരും. പരസ്പരപൂരകമായി സ്നേഹത്തിലും ഐക്യത്തിലും ആയിരുന്ന് വിശുദ്ധിയിലും വിശ്വസ്തയിലും മുൻപിൽ നിന്നു നയിക്കേണ്ട

ദമ്പതികൾ തങ്ങളുടെ ജീവിതമാതൃകവഴി യുവജനങ്ങളെ നയിക്കേണ്ടതാവശ്യമായിരിക്കുന്നു. കർത്താവിന്റെയും മനുഷ്യരുടെയും ദൃഷ്ടിയിൽ ഏറ്റവും മനോഹരമായതും, പ്രഭാഷകൻ ആനന്ദം കൊള്ളുന്നതുമായ 3 കാര്യങ്ങളിൽ, ഏറ്റവും പ്രധാനപ്പെട്ടതും അടിസ്ഥാനപരവുമായത് ഭാര്യഭർത്താക്കൻമാർക്ക് പരസ്പരമുള്ള ലയമാണ് (പ്രഭാ 25:1).

## E. വിവാഹമാനദണ്ഡങ്ങൾ തടസ്സങ്ങളായി മാറുന്നു

ദൈവപദ്ധതിയിൽ വിവാഹത്തിലൂടെ സ്ത്രീയും പുരുഷനും ഇണയും തുണയുമായി മാറിയെങ്കിൽ, ഇന്ന് വളരെയേറെ ഘടകങ്ങൾ വിവാഹതീരുമാനത്തിന് മുൻപ് പരിഗണിക്കുന്നു. സൗന്ദര്യം, സമ്പത്ത്, വിദ്യാഭ്യാസം, ജോലി തുടങ്ങിയവയൊക്കെ നോക്കി വിവാഹം നടത്തുന്നവർ വധുവരൻമാരുടെ മാനസിക പൊരുത്തമോ, സ്വഭാവമോ കുടുംബപാരമ്പര്യമോ പരിഗണിക്കാതെ വിവാഹതീരുമാനമെടുക്കുന്നു. ''നിങ്ങളുടെ പിതാക്കൻമാരുടെ ദൈവമായ കർത്താവ് നിങ്ങളെ ആയിരംമടങ്ങ് വർദ്ധിപ്പിക്കുകയും അവിടുന്നു വാഗ്ദാനം ചെയ്തിട്ടുള്ളതുപോലെ അനുഗ്രഹിക്കുകയും ചെയ്യട്ടെ'' (നിയമ 1:11). ലോകമവതരിപ്പിക്കുന്ന പദ്ധതികൾ നൻമയല്ല തിൻമയാണെന്നും ദൈവപദ്ധതിയാണ് അനുഗ്രഹമെന്നും തിരിച്ചറിവാണിന്നില്ലാതാകുന്നത്. ''തിൻമയെ നൻമയെന്നും നൻമയെ തിൻമയെന്നും വിളിക്കുന്നവനു ദുരിതം! പ്രകാശത്തെ അന്ധകാരമെന്നും അന്ധകാരത്തെ പ്രകാശമെന്നും ഗണിക്കുന്നവനു ദുരിതം!" (ഏശയ്യ 5:20). പ്രായമായ അവിവാഹിതർ തങ്ങളുടെ സ്വപ്നങ്ങളിൽമാത്രം ജീവിക്കാതെ യാഥാർത്ഥ്യബോധത്തോടെ വിവാഹതീരുമാനം കൈക്കൊള്ളാൻ ശ്രദ്ധിക്കേണ്ടിരിയിക്കുന്നു. വിവാഹപ്രായമായ പെൺകുട്ടികളുടെ എണ്ണം വളരെ കുറവാണെന്നും, ''വീടും സമ്പത്തും പിതാക്കൻമാരിൽ നിന്നും അവകാശമായി കിട്ടുന്നു. വിവേകവതിയായ ഭാര്യയാകട്ടെ കർത്താവിന്റെ ദാനമാണെന്നും'' (സുഭാ 19:14) മനസിലാക്കി, ശ്രദ്ധയോടും ജാഗ്രതയോടുംകൂടി ഉത്തമജീവിതം നയിക്കാൻ കൗമാരത്തിലെ ശ്രദ്ധിക്കണം. ''ഉത്തമയായ ഭാര്യ മഹത്തായ അനുഗ്രഹമാണ്. കർത്താവിനെ ഭയപ്പെടുന്നവർക്ക് ലഭിക്കുന്ന ദാനങ്ങളിൽ ഒന്നാണവൾ'' (സുഭാ. 26:3).



വിവാഹം വിദ്യാഭ്യാസത്തെക്കാൾ പ്രഥമവും മുൻഗണന നല്കേണ്ടതുമാണ്. സമ്പത്തും ജോലിയും വിവാഹത്തിലൂടെ ഇല്ലാതാകുന്നില്ല. വിവാഹം തുടർ വിദ്യാഭ്യാസത്തിന് തടസവുമല്ല. ഭാവിതലമുറയ്ക്കുവേണ്ടി നല്ല നിക്ഷേപം നടത്താവുന്ന യൗവ്വനം, അർത്ഥപൂർണമായ ദാമ്പത്യകൂട്ടായ്മയിലൂടെ, കൂടുതൽ ശ്രേഷ്ഠഫലങ്ങളെ രൂപപ്പെടുത്തി, ദൈവപദ്ധതിയോട് അനുസരണം നല്കാൻ യുവജനങ്ങൾ ശ്രദ്ധിക്കണം. ''ബ്രഹ്മചര്യനുഷ്ഠാനത്തിൽ പരിശീലിക്കപ്പെട്ട്, മാന്യമായ സ്നേഹബന്ധത്തിലായിരുന്നശേഷം തക്കപ്രായത്തിൽ വിവാഹജീവിതത്തിലേയ്ക്ക് പ്രവേശിക്കാൻ യുവതീയുവാക്കൾ പ്രാപ്തരായിത്തീരണം'' (*സഭ ആധുനിക ലോകത്തിൽ* 49).

വിവാഹത്തിനൊരുങ്ങുന്ന മക്കൾക്കുവേണ്ടി മാതാപിതാക്കളും കുടുംബാംഗങ്ങളും നിരന്തരം പ്രാർത്ഥിക്കണം. ദൈവപദ്ധതിയോടു അനുസരണം നല്കാൻ ആഗ്രഹിക്കുന്ന ഉത്തമരായ യുവജനങ്ങൾ നാളെയുടെ പ്രതീക്ഷയും അനുഗ്രഹവുമായി മാറാൻ ദൈവാത്മാവിന്റെ സഹായം അവരോടൊപ്പമുണ്ടാകട്ടെ. ലൈംഗിക വിശുദ്ധിയും ചാരിത്രശുദ്ധിയും പഴമയുടെ പുണ്യങ്ങളാകാതെ ഭാവിയിലേക്കുള്ള പുതുമ നിറഞ്ഞ സമർപ്പണത്തിന്റെ നിക്ഷേപങ്ങളാകട്ടെ. വിവാഹവും കുടുംബജീവിതവും ശ്രേഷ്ഠമായി നിലനിൽക്കുന്ന സമൂഹത്തിൽനിന്നേ ആത്മനിയന്ത്രണവും അച്ചടക്കവും വിശുദ്ധിയുമുള്ള ഫലങ്ങൾ രൂപപ്പെടൂ എന്ന് തിരിച്ചറിഞ്ഞ് രാജ്യത്തിനും സഭയ്ക്കും സത്ഫലങ്ങളെ സമർപ്പിക്കാൻ എല്ലാ യുവതീയുവാക്കളെയും സഭ, ക്രിസ്തുവിന്റെ നാമത്തിൽ ക്ഷണിക്കുന്നു. കുടുംബത്തിൽ വന്നുപിറന്ന് 30 വർഷം ജീവിച്ച് കുടുംബജീവിതത്തെ വിശുദ്ധികരിച്ച നമ്മുടെ കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ എന്ന പ്രർത്ഥനയോടെ പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും ✠ നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

എന്ന്,

**✠ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ**
ഇടുക്കി രൂപതാ മെത്രാൻ

N.B. ഈ ലേഖനം ഏപ്രിൽമാസത്തിലെ ഒരു ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിച്ചു വിശദീകരിക്കണം.

## C. 10. മെയ്ദിന സന്ദേശം - 2016

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീസഹോദരന്മാരേ,

1. അന്താരാഷ്ട്ര തൊഴിലാളിദിനമായ മെയ് ഒന്നിന്റെ ആശംസകൾ നേരുന്നതോടൊപ്പം, തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ അനുഗ്രഹങ്ങൾ ധാരാളമായി എല്ലാ തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

2. ക്രൈസ്തവ വിശ്വാസത്തിന്റെ അടിത്തറ നിത്യജീവനിലുള്ള പ്രത്യാശയാണല്ലോ. നിത്യജീവൻ നേടുന്നതിനായി എന്തുചെയ്യണമെന്ന് യേശുക്രിസ്തു വ്യക്തമാക്കുന്ന രണ്ട് പ്രധാന സന്ദർഭങ്ങൾ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്തുചെയ്യണംഎന്ന ചോദ്യവുമായി യേശുവിനെ പരീക്ഷിക്കുന്ന ധനികനായ യുവാവിന് നൽകുന്ന മറുപടിയാണിതിൽ ആദ്യത്തേത് (മത്തായി 19/16-21). ഭൗതികസ്വത്തുക്കളെയും ഭൗമികജീവിതത്തെയും നിത്യജീവനെക്കാൾ വലുതായിക്കാണുന്ന മനുഷ്യരുടെ പ്രതീകമാണ് ഈ ചെറുപ്പക്കാരൻ. നിത്യജീവിതത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ അർഹതയും അതു നേടാനാകാതെ പോയവരുടെ അനർഹതയും വെളിപ്പെടുത്തുന്ന അന്ത്യവിധിയാണ് രണ്ടാമത്തേത് (മത്തായി 25/31-46). എനിക്ക് വിശന്നപ്പോൾ ആഹാരവും, ദാഹിച്ചപ്പോൾ വെള്ളവും, പരദേശി ആയിരുന്നപ്പോൾ സ്വഭവനത്തിൽ സ്വീകരണവും, നഗ്നനായിരുന്നപ്പോൾ വസ്ത്രവും, രോഗിയായിരുന്നപ്പോൾ ആശ്വാസവും, കാരാഗൃഹത്തിലായിരുന്നപ്പോൾ സാമീപ്യവും നൽകി എന്നതായിരുന്നു അർഹത. നിത്യജീവനിലേക്ക് പ്രവേശിച്ചവരും പ്രവേശിക്കാൻ പറ്റാത്തവരും ചോദിച്ചത് ഒരേ ചോദ്യം. അതിനുള്ള ഉത്തരമാണ് ഈ കാരുണ്യവർഷത്തിൽ കർത്താവ് വീണ്ടും നമ്മോടു പറയുന്നത്: ഈ ചെറിയവരിൽ ഒരാൾക്ക് ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത്.

3. വിശപ്പ് മനുഷ്യന്റെ അവശ്യവസ്തുക്കളുടെ പ്രതീകമാണ്, ദാഹമാകട്ടെ ആഗ്രഹങ്ങളും. പരദേശി പാർശ്വവൽക്കരിക്കപ്പെട്ടവരും ഒറ്റപ്പെട്ടുപോയവരുമാണ്. കാരാഗൃഹം സ്വാതന്ത്ര്യത്തിന്റെ നഷ്ടവും,



നഗ്നത മാന്യതയുടെ തകർച്ചയും, രോഗം സഹോദരങ്ങളിൽ നിന്നും ലഭിക്കാതെ പോകുന്ന കരുതലും ആശ്വാസവുമാണ്. അതുകൊണ്ടാണ് എന്റെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ (ലൂക്ക് 6:36) എന്ന വചനം ആപ്തവാക്യമായി എടുത്ത് പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പ കരുണയുടെ വർഷം പ്രഖ്യാപിച്ചിരിക്കുന്നത്. ഈ വർഷത്തെ മെയ്ദിനത്തിന്റെ പ്രധാന സന്ദേശവും ഇതുതന്നെയാണ്; നമുക്കും കരുണ ഉള്ളവരാകാം.

4. വ്യവസ്ഥകളില്ലാത്ത കാരുണ്യമാണു ദൈവത്തിന്റേത്. ദൈവകാരുണ്യാനുഭവം വ്യക്തികളിൽ മാത്രമല്ല, സമൂഹത്തിന്റെ സമസ്ത ഘടകങ്ങളിലും സംവിധാനങ്ങളിലും രൂഢമൂലമാകേണ്ടിയിരിക്കുന്നു. പട്ടിണി, ദാരിദ്ര്യം, ചൂഷണം, വിവേചനം, അഴിമതി, അനീതി തുടങ്ങി സമകാലിക സമൂഹത്തിൽ നിലനിൽക്കുന്ന എല്ലാ തിന്മകളും കാരുണ്യമില്ലാത്ത വ്യക്തികളുടേയും സാമൂഹിക ഘടനകളുടെയും സൃഷ്ടിയാണ്.

5. ലോകത്ത് ആകെയുള്ള ദരിദ്രരിൽ മൂന്നിലൊന്നു പേരും അധിവസിക്കുന്നത് ഇന്ത്യയിലാണെന്നാണു ലോകബാങ്കിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. ഇന്ത്യയിൽ ഗ്രാമങ്ങളിലെ ജനങ്ങൾ അനുഭവിച്ചുവരുന്ന ദാരിദ്ര്യത്തിന്റെയും പട്ടിണിയുടെയും പരാധീനതകളുടെയും നേർചിത്രം കേന്ദ്രസർക്കാർ ഈയിടെ പുറത്തിറക്കിയ സാമൂഹിക സാമ്പത്തിക ജാതി സെൻസസിന്റെ (2011) റിപ്പോർട്ട് വെളിവാക്കുന്നു. ആദ്യമായിട്ടാണ് വീടുവീടാന്തരം വിവരശേഖരണം നടത്തപ്പെട്ട ഒരു കുടുംബ സ്ഥിതിവിവരക്കണക്കെടുപ്പ് ഇന്ത്യയിൽ നടന്നത്. അതുകൊണ്ട് ഈ സെൻസസിന്റെ കണ്ടെത്തൽ യാഥാർത്ഥ്യത്തോട് കൂടുതൽ അടുത്തു നിൽക്കുന്നുവെന്നു കാണാം. ഇതനുസരിച്ച് രാജ്യത്തെ എഴുപത്തി യഞ്ച് ശതമാനം കുടുംബങ്ങളുടെയും പ്രതിമാസവരുമാനം അയ്യായിരം രൂപയിൽ താഴെ മാത്രമാണ്. കേരളത്തിലെ സ്ഥിതിവിശേഷവും ഒട്ടും മെച്ചപ്പെട്ടതല്ല. ഗ്രാമീണ ജനതയുടെ ദാരിദ്ര്യത്തെയും, ഭൗതിക ജീവിതാവസ്ഥയുടെ പരിമിതികളെയും പരാധീനതകളെയും സംബന്ധിച്ച വിശദമായ വിശകലനം ഈ റിപ്പോർട്ടിൽ ഉണ്ട്.

6. അവകാശങ്ങളുടെ നിഷേധം, അവസരങ്ങളുടെ തുല്യതയില്ലായ്മ, വ്യക്തിപരമായ അലസത ഇവ മൂന്നുമാണ് ദാരിദ്ര്യത്തിന്റെ അടിസ്ഥാന കാരണങ്ങൾ. ആദ്യത്തേത് രണ്ടുംഭരണകൂടവും പൊതുസമൂഹവും ഉറപ്പുവരുത്തേണ്ടവയും മൂന്നാമത്തേത് വ്യക്തി സ്വയം മാറ്റേണ്ടതുമാണ്. ആരാണ് ഇന്ത്യയിലെ ദരിദ്രർ എന്ന അന്വേഷണത്തിന്റെ ഉത്തരം എത്തിനിൽക്കുന്നത് നമ്മുടെ രാജ്യത്തെ അസംഘടിത തൊഴിലാളികളിലാണ്. അതായത് തൊഴിൽസംരക്ഷണം, നിയമപരിരക്ഷ, സാമൂഹികസുരക്ഷ എന്നിവ സംലഭ്യമല്ലാത്തവരാണ് അസംഘടിത തൊഴിലാളികൾ അഥവാ അനൗപചാരിക തൊഴിലാളികൾ. പ്രഭാതം മുതൽ പ്രദോഷംവരെ അദ്ധ്വാനിച്ചിട്ടും രണ്ടററവും കൂട്ടിമുട്ടിക്കുവാൻ കഴിയാത്തവരാണിവർ. സ്വാഭാവികമായും ഇവർ സംഘടിച്ചു ശക്തരായിട്ടുമില്ല. അഞ്ചു ഏക്കർ കൃഷിഭൂമി സ്വന്തമായുള്ള ചെറുകിട കർഷകർവരെ അസംഘടിത തൊഴിലാളി വിഭാഗത്തിലാണ് കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നത്.

7. ഇന്ത്യയിലെ തൊഴിലാളികളിൽ തൊണ്ണൂറ്റിമൂന്ന് ശതമാനം പേരും അസംഘടിത തൊഴിലാളികളാണെന്നും, ദേശീയവരുമാനത്തിന്റെ അറുപത്തഞ്ച് ശതമാനവും ഇവരുടെ സംഭവനയാണെന്നും കണക്കുകൾ സൂചിപ്പിക്കുന്നു. നാൽപ്പത്തഞ്ച് കോടിവരുന്ന ഇവരാണ് യഥാർത്ഥ അദ്ധ്വാനശക്തിയെങ്കിലും അവകാശ നിഷേധവും അവസര നിഷേധവുംവഴി ഇവർ കൂടുതൽ ദരിദ്രരാക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഗ്രാമീണ ഇന്ത്യയിലെ മൂന്നിൽ രണ്ട് ഭാഗം പേരും കൃഷി, മൽസ്യബന്ധനം, കന്നുകാലിവളർത്തൽ എന്നിവവഴി പ്രാഥമിക മേഖലയിലാണ് ഉപജീവനം കണ്ടെത്തുന്നത്. ഈ വർഷം ബജററിനു മുമ്പ് കേന്ദ്രസർക്കാർ പുറത്തിറക്കിയ സാമ്പത്തിക സർവെ റിപ്പോർട്ടനുസരിച്ച് രാജ്യത്തിന്റെ ഈ വർഷത്തെ വളർച്ചാനിരക്കു 7.6 ശതമാനമാണെങ്കിലും ബഹുഭൂരിപക്ഷത്തിന്റെ ജീവസന്ധാരണ മാർഗമായ പ്രാഥമിക മേഖലയുടെ വളർച്ച കേവലം 1.1 ശതമാനം മാത്രമാണ്. എന്നാൽ കോർപ്പറേററുകളുടെ വളർച്ച 20 ശതമാനമാണ്. രാജ്യം കൈവരിക്കുന്ന വളർച്ചയും പുരോഗതിയും അടിസ്ഥാന ജനവിഭാഗമായ തൊഴിലാളികളിലേക്ക് എത്തിച്ചേരുന്നില്ല. ഇവ ചിലരിൽ മാത്രം കേന്ദ്രീകരിക്കുന്നു എന്നാണ് സ്ഥിതി



വിവരക്കണക്കുകൾ തെളിയിക്കുന്നത്. അതുപേലെതന്നെ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയുടെ അളവുകോലായി കോർപ്പറേറ്റുകളുടെ വളർച്ച മാത്രം എടുത്താൽ മതിയോ എന്നതും ഉത്തരം കിട്ടേണ്ട ചോദ്യമാണ്.

8. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ അസംഘടിത തൊഴിൽമേഖലയെ പരിഗണിക്കുന്നതായിട്ടു പോലും പ്രവൃത്തികളിൽ കാണുന്നില്ല. ബജറ്റവതരണങ്ങളിൽ ഇവിടുത്തെ ഈ ദരിദ്രവിഭാഗം അവഗണിക്കപ്പെടുന്നു. അവരുമായി ബജറ്റിനു മുമ്പ് എന്തെങ്കിലും തരത്തിലുള്ള ചർച്ചയും നടത്തുന്നതായി കാണുന്നുമില്ല. കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും വൻകിട വ്യവസായികൾക്കും ശതകോടിക്കണക്കിന് ഇളവും പ്രോത്സാഹനവും നൽകുന്നു. ഇതിനായി ബജറ്റ്വിഹിതത്തിന്റെ നല്ലൊരു പങ്ക് മാറ്റി വെക്കുമ്പോൾ അസംഘടിത മേഖലക്ക് കാര്യമായൊന്നും നീക്കിവയ്ക്കുന്നില്ല. അഥവാ നീക്കിവയ്ക്കപ്പെട്ട ചെറുവിഹിതം പോലും വിനിയോഗിക്കപ്പെടുന്നില്ല. പൊതുമേഖലാ ബാങ്കുകൾ അത്താഴപ്പട്ടിണിക്കാരന്റെ വായ്പാകുടിശ്ശിക ഈടാക്കാൻ ജപ്തിയും ജയിലിലടയ്ക്കലും നടപ്പാക്കുമ്പോൾ വൻകിടക്കാർ വരുത്തിയിട്ടുള്ള കോടികൾ എഴുതിതള്ളുന്നു. ജനപ്രതിനിധികൾ തങ്ങളുടെയും, ഉദ്യോഗസ്ഥവിഭാഗത്തിന്റെയും സേവന വേതന ആനുകൂല്യങ്ങൾ വൻതോതിൽ വർദ്ധിപ്പിക്കുമ്പോൾ തുച്ഛമായ സാമൂഹിക പെൻഷനുകളും ക്ഷേമനിധി സഹായങ്ങളും നൽകാതിരിക്കുകയും, ഉണ്ടായിരുന്ന പദ്ധതികൾ പോലും വെട്ടിച്ചുരുക്കുകയും ചെയ്യുന്നു. മാത്രമല്ല ഇവയെക്കുറിച്ച് ശ്രദ്ധയിൽ പെടുത്തിയാൽ പോലും നിയമസഭയിലോ പാർലമെന്റിലോ ഇത് ഉന്നയിക്കാൻ എം.എൽ.എ. മാരും എം.പി. മാരും തയ്യാറാകുന്നില്ലെന്നത് ഏറെ ഖേദകരമാണ്. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ച് വിശദമായ വിശകലനം നടത്തി മാത്രമേ തൊഴിലാളികൾ തങ്ങളുടെ വോട്ടവകാശം വിനിയോഗിക്കാൻ പാടുള്ളൂ. അസംഘടിത തൊഴിലാളികളുടെ സാമൂഹികസുരക്ഷയും മനുഷ്യോചിതമായ ജീവിതസാഹചര്യവും ഉറപ്പുവരുത്തേണ്ടത്ഭരണാധികാരികളും വികസനത്തിന്റെ മുഖ്യപങ്കു കൈപ്പററുന്നവരുമാണ്. ഭരണാധികാരികളുടെയും കക്ഷിരാഷ്ട്രീയ നേതൃത്വത്തിന്റെയും ഉദ്യോഗസ്ഥ

വിഭാഗങ്ങളുടെയും അവരുടെ പ്രവൃത്തികൾ കൂടുതൽ കരുണാർദ്രമായി മാറേണ്ടതുണ്ട്.

9. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ കൺവെൻഷനുകൾക്കനുസരിച്ചാണു നമ്മുടെ രാജ്യത്തും തൊഴിൽ നിയമങ്ങൾക്കു രൂപം കൊടുത്തിട്ടുള്ളത്. പാർലിമെന്റ് പാസ്സാക്കിയ തൊഴിൽ നിയമങ്ങളിൽ വെള്ളം ചേർക്കാനും നിരാകരിക്കാനും തൊഴിലാളികളുടെ അവകാശങ്ങളും സാമൂഹിക സുരക്ഷയും നിഷേധിക്കാനുമുള്ള പ്രവണത അടുത്ത കാലത്ത് ശക്തമായിരിക്കുകയാണ്. ഇതിനെ പ്രതിരോധിക്കാനും തിരുത്താനുമുള്ള ഫലപ്രദമായ നടപടികൾ ഒത്തൊരുമയോടെ കേന്ദ്ര ട്രേഡ്‌യൂണിയനുകളുടെഭാഗത്തു നിന്നും ഉണ്ടാകുന്നുണ്ടോയെന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. തൊഴിലാളികളുടെ താത്പര്യങ്ങളേക്കാൾ, കക്ഷിരാഷ്ട്രീയ വിധേയത്വമാണ് ഇന്നു തൊഴിലാളി യൂണിയനുകൾ നേരിടുന്ന ഏററവും വലിയ പ്രതിസന്ധി. തൊഴിൽ സേനയിലെ സിംഹഭാഗം വരുന്ന അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനു കേന്ദ്ര ട്രേഡ്‌യൂണിയനുകൾ നാളിതുവരെയായി ഗൗരവതരമായ സമീപനം സ്വീകരിച്ചിട്ടില്ലെന്ന കാര്യവും വളരെ പ്രധാനപ്പെട്ട ഒന്നാണ്. കേന്ദ്ര ട്രേഡ്‌യൂണിയനുകൾ രാഷ്ട്രീയ വിധേയത്വം പ്രകടിപ്പിക്കാനുള്ള മത്സരമൊഴിവാക്കി പാർശ്വവൽക്കരിക്കപ്പെട്ടുപോയ അസംഘടിത മേഖലയോട് പക്ഷം ചേർന്നെങ്കിലേ സാമൂഹ്യനീതി നടപ്പിലാക്കാൻ ഭരണാധികാരികൾ ശ്രദ്ധിക്കുകയുള്ളൂ.

10. അസംഘടിത തൊഴിലാളികളുടെ പക്ഷം ചേർന്ന് തൊഴിൽസുരക്ഷ, സാമൂഹികസുരക്ഷ, കുടുംബസുരക്ഷ, തൊഴിലിന്റെയും തൊഴിലാളികളുടെയും മഹത്വം എന്നിവയ്ക്കായി പ്രവർത്തിക്കുകയാണ് സഭാത്മകദൗത്യം ഏൽപിക്കപ്പെട്ടിരിക്കുന്ന തൊഴിൽകാര്യ കമ്മീഷന്റെ ഉത്തരവാദിത്വം.

11. തൊഴിലാളികളോട് നീതിപൂർവകമായ സമീപനം സഭയ്ക്കുള്ളിൽതന്നെ ഉണ്ടാകേണ്ടതുണ്ട്. സഭാസ്ഥാപനങ്ങളിലെ അദ്ധ്യാപകർ, നഴ്സുമാർ ഉൾപ്പടെയുള്ള ആശുപത്രി ജീവനക്കാർ, സാമൂഹികസേവന മേഖലയിലെ ജീവനക്കാർ എന്നിങ്ങനെയുള്ള



എല്ലാ വിഭാഗം ജീവനക്കാരോടും സഭാശുശ്രൂഷകളിൽ ഏർപെട്ടിരിക്കുന്ന അല്മായരും അല്ലാത്തവരുമായ എല്ലാവരോടും കൂടുതൽ കരുണ കാണിക്കേണ്ടതായിട്ടുണ്ട്. എങ്കിൽ മാത്രമേ പൊതുസമൂഹത്തിന്റെയും ഭരണരാഷ്ട്രീയ ഉദ്യോഗസ്ഥ വിഭാഗങ്ങളുടെതുമായ നിരുത്തരവാദിത്വത്തിനെതിരേ പ്രതികരിക്കാനുള്ള ധാർമ്മിക ശക്തി ഉണ്ടാകുകയുള്ളൂ എന്ന് ഈ മേഖലകളിൽ നേതൃത്വം നൽകുന്നവരുടെ മനസ്സിലുണ്ടാകണം. ഫ്രാൻസീസ് പാപ്പ നിരന്തരം പറയുന്നതും പ്രവർത്തിക്കുന്നതും ഇതാണ്. പാപ്പായുടെ ആഹ്വാനങ്ങൾ പ്രസംഗങ്ങളിലും പ്രബോധനങ്ങളിലും ഉദ്ധരിക്കാൻ മാത്രമുള്ളതായി ചുരുങ്ങിപ്പോകരുത്. കേരള കത്തോലിക്കാ സഭയിൽ രൂപതകളുടെയും സന്ന്യാസസമൂഹങ്ങളുടെയും നേതൃത്വത്തിലുള്ള വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വിവിധ വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഏകോപിപ്പിക്കുന്നതിനും ക്രമപ്പെടുത്തുന്നതിനും വേണ്ടി മെത്രാൻ സമിതി ''പീപ്പിൾ മാനേജ്മെന്റ് പോളിസി'' 2013 ഒക്ടോബറിൽ പുറത്തിറക്കിയിട്ടുണ്ട്. രാജ്യത്തെ നിയമങ്ങളുടെയും സഭാപ്രബോധനങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ നയം തയ്യാറാക്കിയിട്ടുള്ളത്. ഈ കാരുണ്യവർഷത്തിൽ തന്നെ എല്ലാ സ്ഥാപനങ്ങളിലും ഈ നയം നടപ്പിലാക്കാൻ പ്രത്യേക ശ്രദ്ധ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. അതിന് ആവശ്യമായ സാങ്കേതികസഹായങ്ങൾ കേരള കത്തോലിക്കാമെത്രാൻ സമിതിയുടെ തൊഴിൽകാര്യകമ്മീഷൻ നൽകാൻ തയ്യാറാണ്.

12. കെ.സി.ബി.സി. ലേബർ കമ്മീഷന്റെ ഔദ്യോഗിക സാമൂഹിക സന്നദ്ധ സംഘടനയാണ് കേരള ലേബർ മൂവ്മെന്റ് (കെ.എൽ.എം.). സി.ബി.സി.ഐ. ലേബർ കമ്മീഷന്റെ കീഴിലുള്ള വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ (വിഫ്) കേരള ഘടകമാണ് ഈ പ്രസ്ഥാനം. നിർമ്മാണത്തൊലാളി ഫോറം, തയ്യൽ തൊഴിലാളി ഫോറം, ഗാർഹിക തൊഴിലാളി ഫോറം, ചെറുകിട തോട്ടം തൊഴിലാളി ഫോറം, കർഷക തൊഴിലാളി ഫോറം, മോട്ടോർ വാഹന തൊഴിലാളി ഫോറം, മത്സ്യത്തൊഴിലാളി ഫോറം, പീടികത്തൊഴിലാളി ഫോറം തുടങ്ങിയ എട്ട് ഫോറങ്ങളിലൂടെ അസംഘടിത തൊഴിലാളികളെ കെ.എൽ.എം. സംഘടിപ്പിച്ചു വരുന്നു. സർക്കാർ ക്ഷേമനിധികൾ സാമൂഹിക

സുരക്ഷാപദ്ധതികൾ, തൊഴിൽ വൈദഗ്ധ്യപരിശീലനങ്ങൾ, ശിൽപശാലകൾ എന്നിവയിലൂടെ ജാതി മത ഭേദമില്ലാതെ അസംഘടിത തൊഴിലാളികളുടെ ശക്തീകരണമാണ് കെ.എൽ.എം. ലക്ഷ്യം വച്ചിട്ടുള്ളത്. കൂടാതെ സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെയും ശുശ്രൂഷികളുടെയും സാമൂഹിക സുരക്ഷാ പദ്ധതി നടപ്പിലാക്കാനും, പീപ്പിൾ മാനേജ്മെന്റ് പോളിസി നടപ്പിലാക്കാനുള്ള സഹായങ്ങളും ഒത്താശകളും നൽകാനും കെ.എൽ.എം. നെയാണു ചുമതലപ്പെടുത്തിയിരിക്കുന്നത്.

13. കേരളത്തിലെ എല്ലാ രൂപതകളിലും ഇതിനോടകം കെ.എൽ.എം-ന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിലും ചില രൂപതകളിൽ ഇനിയും വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ല. എല്ലാ ഇടവകകളിലും പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ സാധിച്ചിട്ടുമില്ല. അതിനാൽ എല്ലാ രൂപതകളും, ഇടവകകളും ഇക്കാര്യത്തിൽ ആത്മാർത്ഥമായ സഹകരണം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. തൊഴിലാളിദിന ആചരണത്തോട് അനുബന്ധിച്ച് എല്ലാ ഇടവകകളിലും തൊഴിലാളികൾക്കായി പ്രത്യേക ദിവ്യബലികളും സെമിനാറുകളും നടത്തുന്നത് ഉചിതമാണ്. എല്ലാ തൊഴിലാളികളെയും മെഡിക്ലെയിം ഇൻഷുറൻസ്, അപകട ഇൻഷുറൻസ്, പെൻഷൻ പദ്ധതി തുടങ്ങിയ വിവിധ സാമൂഹിക സുരക്ഷാപദ്ധതികളിൽ അംഗങ്ങളാക്കാനുള്ള ഒത്താശകൾ ചെയ്തു കൊടുക്കണം. എല്ലാ ഇടവകകളിലും കെ.എൽ.എം.-ന്റെ നേതൃത്വത്തിൽലേബർ ഹെൽപ് ഡെസ്കുകൾ രൂപീകരിക്കുന്നത് നല്ലതാണ്.

14. തങ്ങളുടെ അദ്ധ്വാനത്തിലൂടെയാണ് കുടുംബവും, രാഷ്ട്രവും, സമൂഹവും പുരോഗമിക്കുന്നത് എന്ന തിരിച്ചറിവിലൂടെ അലസതയകറ്റി, ഉത്തരവാദിത്വത്തോടെയും സത്യസന്ധതയോടെയും തൊഴിലിൽ ഏർപ്പെടണമെന്ന് എല്ലാ തൊഴിലാളികളെയും ഓർമ്മിപ്പിക്കുന്നു. കാർഷിക മേഖലയിലും വ്യവസായ മേഖലയിലും നല്ല ഉത്പന്നങ്ങൾ കുറഞ്ഞ ചെലവിൽ ഉത്പാദിപ്പിച്ച് കമ്പോളത്തിൽ ഇറക്കിയാൽ മാത്രമേ ഇന്നത്തെ ആഗോള സമ്പദ്‌വ്യവസ്ഥയിൽ നമുക്ക് മുന്നേറാൻ കഴിയുകയുള്ളുവെന്ന വസ്തുത എല്ലാ



തൊഴിലാളികളുടെയും മനസ്സിലുണ്ടാകണം. മറ്റു രാജ്യങ്ങളിൽനിന്നു ഗുണമേൻമയുള്ള ഉത്പന്നങ്ങൾ ആഗോളമാർക്കറ്റിൽ വരുമ്പോൾ ഗുണമേൻമ കുറവും വില കൂടുതലുമായ നമ്മുടെ ഉത്പന്നങ്ങൾ വാങ്ങാൻ ആരും ഉണ്ടാകുകയില്ല എന്നത് സ്വാഭാവികം. പല അന്താരാഷ്ട്ര കരാറുകളിലും ഒപ്പിട്ടിട്ടുള്ള ഇന്ത്യക്ക് മറ്റു രാജ്യങ്ങളിൽ നിന്നുള്ള ഉൽപന്നങ്ങളുടെ കുത്തൊഴുക്കിനെ തടയുന്നതിനും പരിമിതികളുണ്ട്. ആ കരാറുകളിൽനിന്നു നമ്മൾ പിൻമാറിയാൽ മറ്റു രാജ്യങ്ങൾ നമ്മുടെ ഉത്പന്നങ്ങൾ ബഹിഷ്കരിക്കും എന്നതും വസ്തുതയാണ്. ചുരുക്കത്തിൽ നമ്മൾ ആഗോള കമ്പോളത്തിൽ മൽസരിക്കാൻ പ്രാപ്തരാകണം എന്നർത്ഥം. ഇതെല്ലാം പ്രായോഗികമാകണമെങ്കിൽ തൊഴിലാളികൾ കൂടുതൽ കൂടുതൽ അറിവും കഴിവും നേടുകയും ആഗോളമാറ്റങ്ങൾക്കനുസരിച്ച് മാറാൻ തയ്യാറാകുകയും വേണം. അതുപോലെ മദ്യപാനം, മയക്കുമരുന്നു പയോഗം തുടങ്ങിയ ദുശ്ശീലങ്ങൾ ഉപേക്ഷിച്ച് സമ്പാദ്യശീലം വളർത്തുകയും വേണം.

15. തൊഴിലാളി ശുശ്രൂഷാരംഗത്ത് കരുണാപൂർവകമായ നേതൃത്വം നൽകാൻ പ്രതിജ്ഞാബദ്ധതയോടെ കൂടുതൽ സമർപ്പിതർ മുന്നോട്ട് വരുവാൻ ആഹ്വാനം ചെയ്യുന്നു. കരുണയുടെ ഈ മഹാജൂബിലിവർഷത്തിൽ നീതി നടപ്പാക്കുന്ന സാമൂഹിക ജീവിതവും തൊഴിൽസംസ്കാരവും പടുത്തുയർത്താൻ നമുക്ക് ശ്രമിക്കാം. അതിനായി നല്ലവനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. തൊഴിലാളി മദ്ധ്യസ്ഥനായ വി.യൗസേപ്പിന്റെ അനുഗ്രഹവും, തൊഴിലാളിദിനത്തിന്റെ ആശംസകളും, പ്രാർത്ഥനകളും ഒരിക്കൽ കൂടി എല്ലാവർക്കും നേരുന്നു.

കെ.സി.ബി.സി. ലേബർ കമ്മീഷനുവേണ്ടി

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം** (ചെയർമാൻ)
**ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ** (വൈസ് ചെയർമാൻ)
**ബിഷപ്പ് ഡോ. യൂഹാന്നോൻ മാർ ക്രിസോസ്റ്റം** (വൈസ് ചെയർമാൻ)

NB: 2016 ഏപ്രിൽ 24-ാം തീയതി ഈ സർക്കുലർ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി മദ്ധ്യേ വായിച്ച് വിശദീകരിക്കണം.

# രൂപതക്കച്ചേരി

## C. 26/16 നാമഹേതുകത്തിരുനാൾ ആശംസകൾ

ഏപ്രിൽ 24-ാം തീയതി നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന കോതമംഗലം രൂപതയുടെ ദ്വിതീയ മെത്രാൻ അഭിവന്ദ്യ മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവിനും ഇപ്പോഴത്തെ ഇടയനായ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ പിതാവിനും ഇടുക്കി രൂപതാ കുടുംബത്തിന്റെ തിരുനാൾ മംഗളങ്ങളും പ്രാർത്ഥനകളും സ്നേഹപൂർവ്വം നേരുന്നു.

## C. 27/16 വി. മൂറോൻ

പെസഹാ വ്യാഴാഴ്ച അഭിവന്ദ്യ പിതാവ് കൂദാശ ചെയ്ത വി. മൂറോൻ എത്രയും വേഗം പള്ളികളിലേക്ക് കൊണ്ടുപോകുന്നതിന് ബഹുമാനപ്പെട്ട വൈദികർ ശ്രദ്ധിക്കുമല്ലോ. മാമ്മോദീസായ്ക്കുള്ള തൈലവും ജലവും വെഞ്ചരിക്കുന്നതിനും തൈലാഭിഷേകത്തിനും പുതുതായി കൂദാശ ചെയ്ത വി. മൂറോനാണ് ഉപയോഗിക്കേണ്ടത്.

## C. 28/16 വൈദികർക്കായുള്ള സ്റ്റഡി ഫോറം

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന ബഹു. വൈദികർക്കായി സ്റ്റഡി ഫോറം 2016 ഏപ്രിൽ 18, 19 തീയതികളിൽ നടത്തപ്പെടുന്നു. ബഹു. വൈദികരെല്ലാവരും സ്റ്റഡി ഫോറത്തിൽ പങ്കെടുക്കേണ്ടതാണ്.

| | |
|---|---|
| കല്ലാർ | : ഏപ്രിൽ 18 (തിങ്കൾ) |
| വെള്ളയാംകുടി | : ഏപ്രിൽ 19 (ചൊവ്വ) |
| സമയം | : 10.00 am - 4.00 pm |

## C. 29/16 തീർത്ഥാടന കേന്ദ്രങ്ങളിലെ കുമ്പസാരം

കാരുണ്യവർഷത്തിൽ ഇടുക്കി രൂപതയിലെ തീർത്ഥാടന കേന്ദ്രങ്ങളായ വാഴത്തോപ്പ്, വെള്ളയാംകുടി, അടിമാലി, രാജകുമാരി എന്നീ



ദൈവാലയങ്ങളിലെത്തുന്ന തീർത്ഥാടകർക്ക് കുമ്പസാരിക്കാനായി താഴെപ്പറയുന്ന ദിവസങ്ങളിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്.

| | | |
|---|---|---|
| വാഴത്തോപ്പ് | - വെള്ളിയാഴ്ച്ചകളിൽ | 07 am - 07 pm |
| വെള്ളയാംകുടി | - തിങ്കളാഴ്ച്ചകളിൽ | 06 am - 06 pm |
| രാജകുമാരി | - വെള്ളിയാഴ്ച്ചകളിൽ | 07 am - 05 pm |
| അടിമാലി | - ശനിയാഴ്ച്ചകളിൽ | 10 am - 05 pm. |

## C. 30/16 ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിക്ക് അഭിനന്ദനങ്ങൾ

2015-16 വർഷത്തെ പ്രവർത്തനമികവിന് നബാർഡിന്റെ സംസ്ഥാനതല അവാർഡ് ലഭിച്ച ഇടുക്കി രൂപതാ സാമൂഹികക്ഷേമ വിഭാഗമായ HDS-ന് നേതൃത്വം നൽകുന്ന ബഹു. ഡോ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കലച്ചനും ടീമംഗങ്ങൾക്കും രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

## C. 31/16 തിരുനാൾ ആശംസകൾ

| | |
|---|---|
| റവ. ഫാ. ജോർജ്ജ് ചക്കാങ്കൽ | ഏപ്രിൽ 24 |
| റവ. ഫാ. ജോർജ്ജ് കൊച്ചുപുരയ്ക്കൽ | ” |
| റവ. ഫാ. ജോർജ്ജ് കൊല്ലംപറമ്പിൽ | ” |
| റവ. ഫാ. ജോർജ്ജ് കുഴിപ്പള്ളിൽ | ” |
| റവ. ഫാ. ജോർജ്ജ് പാട്ടത്തെക്കുഴി | ” |
| റവ. ഫാ. ജോർജ്ജ് തകടിയേൽ | ” |
| റവ. ഫാ. ജോർജ്ജ് തുമ്പനിരപ്പേൽ | ” |
| റവ. ഫാ. ജോർജ്ജ് നിരവത്ത് | ” |
| റവ. ഫാ. ജോർജ്ജ് വലിയവീട്ടിൽ | ” |
| റവ. ഫാ. ജോർജ്ജ് കരിവേലിക്കൽ | ” |
| റവ. ഫാ. ജോർജ്ജ് ഇടവഴിക്കൽ | ” |
| റവ. ഫാ. ജോർജ്ജ് കരിന്തേൽ | ” |
| റവ. ഫാ. ജോർജ്ജ് മുല്ലൂർ | ” |
| റവ. ഫാ. ജോർജ്ജ് നല്ലൂക്കുന്നേൽ | ” |
| റവ. ഫാ. ജോർജ്ജ് കുഴിപ്പള്ളിൽ (ജൂണിയർ) | ” |
| റവ. ഫാ. ജോർജ്ജ് പെരുമാലിൽ | ” |
| റവ. ഫാ. മർക്കോസ് ചിറ്റേമാരിയിൽ | ഏപ്രിൽ 25 |

## C. 32/16 Curia Collections received for the year 2014 -2015

| | |
|---|---|
| D. Fund | - Diocesan Fund |
| M. Semi. Fund | - Major Seminary Fund |
| H.C. | - Holy Childhood |
| B.S. | - Bible Sunday |
| P.P. | - Peter's Pence |
| M.S. | - Mission Sunday |
| V.F. | - Vocation Fund |
| CMF | - Communication Media Fund |
| JS | - Justice Sunday |
| G.F. | - Good Friday |
| MEC | - Major Episcopal Curia Fund |
| SMMS | - Syro-Malabar Mission Sunday |
| YD | - Youth Day |
| TM | - Temperance Movement |
| JF | - Jesus Fraternity |

| Sl. No. | Name of Parish | D.Fund | M. Semi. Fund | H.C. | B.S. | P.P. | M.S. | V.F. | CMF | JS | G.F | MEC | SMMS | YD | TM | JF |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Adimali | 42830 | 50000 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 1700 | 200 | 200 | 200 | 200 |
| 2 | Alpho. Nagar | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 500 | 100 | 100 | 100 | 100 | | |
| 3 | Anakulam | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 500 | 100 | 500 | 100 | 100 | | |
| 4 | Anachal | 4000 | | | | | | | | | | | | | | |
| 5 | Ayiramekkar | 10000 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 200 | 100 | 100 | 100 | | |
| 6 | Bethel | 10000 | 25000 | | 200 | 200 | 300 | 200 | 100 | 100 | 200 | 200 | 100 | | | 100 |
| 7 | Bhoomiamkulam | 10000 | 12000 | 200 | 200 | 300 | 500 | 200 | 200 | 200 | 500 | 1800 | 200 | 500 | 200 | 200 |
| 8 | Bisonvalley | 13000 | 15000 | 100 | 200 | 100 | 200 | 100 | 100 | 100 | 200 | 200 | 100 | | | |



| Sl. No. | Name of Parish | D.Fund | M. Semi. Fund | H.C. | B.S. | P.P. | M.S. | V.F. | CMF | JS | G.F | MEC | SMMS | YD | TM | JF |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 9 | Calvarymount | | | 250 | 250 | 500 | 500 | 250 | 250 | 250 | 500 | 500 | 250 | 250 | 250 | |
| 10 | Chelliampara | 8500 | 10000 | 100 | 100 | 100 | 300 | 200 | 100 | 100 | 500 | 100 | 100 | 100 | 100 | 100 |
| 11 | Chembalam | 4000 | 6000 | 100 | 100 | 150 | 300 | 100 | 100 | 100 | 300 | 545 | 100 | 250 | | 100 |
| 12 | Chemmannar | 20000 | 15000 | | 750 | 1500 | 2150 | | 200 | 200 | | 5000 | | | | 200 |
| 13 | Chempakappara | | 8000 | 200 | 200 | 200 | 500 | 200 | 200 | 200 | | 1000 | | | 200 | |
| 14 | Chinnar nirappu | | | 100 | 100 | 3752 | 200 | 100 | 100 | 100 | 200 | 880 | 200 | 200 | 200 | 100 |
| 15 | Churuly | 10000 | 25000 | 250 | 250 | 250 | 250 | 250 | 250 | 250 | 250 | 1500 | 250 | 250 | 250 | 250 |
| 16 | Eattithope | 15000 | 10000 | 100 | 200 | 200 | 7000 | 200 | 300 | 200 | 500 | 300 | 500 | | | |
| 17 | Ellackal | 15000 | 25000 | 250 | | 250 | 1500 | 250 | 250 | 250 | 1000 | 3700 | 300 | 500 | | 250 |
| 18 | Erattayar | 100000 | 25000 | 500 | 2000 | 3000 | 5000 | 500 | 500 | 500 | 500 | 3000 | 2000 | 1000 | 1000 | 250 |
| 19 | Ezhukumvayal | 32000 | 25000 | | 750 | 2500 | 3000 | 500 | 750 | 750 | 2500 | 4000 | | | | 750 |
| 20 | Georgiar | 5000 | 4000 | 100 | 100 | 100 | 1000 | 100 | 100 | 100 | 100 | 250 | 200 | 200 | 100 | 100 |
| 21 | Idukki | 5000 | 10000 | 100 | 100 | 200 | 500 | 100 | 100 | 100 | 500 | 750 | 100 | 100 | 100 | 100 |
| 22 | Irumbupalam | 5000 | | 100 | 150 | 150 | 150 | 150 | 150 | 150 | 150 | 750 | 150 | 150 | 150 | 150 |
| 23 | Josegiri | 24000 | 12500 | 150 | 150 | 150 | 250 | 150 | 150 | 150 | | 1500 | 250 | 150 | 150 | 150 |
| 24 | Josepuram | 5000 | 5000 | | 500 | 500 | 1000 | | 500 | 500 | | 1500 | 500 | | | 500 |

| Sl. No. | Name of Parish | D.Fund | M. Semi. Fund | H.C. | B.S. | P.P. | M.S. | V.F. | CMF | JS | G.F | MEC | SMMS | YD | TM | JF |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 25 | Kailasam | 5000 | 15000 | 100 | 100 | 100 | 200 | 100 | 100 | 100 | 100 | 1400 | 100 | 100 | | 100 |
| 26 | Kallupalam | 10000 | 10000 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | | 200 |
| 27 | Kanakakunnu | 20000 | 20000 | 100 | 100 | 100 | 2000 | 100 | 100 | 100 | 100 | 2000 | 100 | 500 | 500 | 100 |
| 28 | Kanchiyar | 15000 | 10000 | 100 | 100 | 200 | 100 | 100 | 100 | 100 | 3614 | 1000 | 100 | 100 | 100 | 100 |
| 29 | Kamakshy | | | 100 | 100 | 200 | 12000 | 100 | 100 | 100 | 200 | 500 | 200 | 100 | 100 | |
| 30 | Kanjikuzhy | 25000 | | 150 | 200 | 500 | 2000 | 150 | 200 | 200 | 300 | 500 | 300 | 300 | 200 | 150 |
| 31 | Kanthippara | | 15000 | 250 | 250 | 250 | 1500 | 250 | 250 | 250 | 1000 | 2000 | 250 | | 250 | 250 |
| 32 | Kanthalloor | 4100 | | | | | | | | | | | | | | |
| 33 | Karickumtholam | | | | | | 1500 | | | | | | | | | |
| 34 | Karimpan | 15300 | 25000 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 1000 | 200 | 200 | 200 | 200 |
| 35 | Karithode | 4000 | 5000 | 100 | 100 | 100 | 200 | 100 | 100 | 100 | 200 | 500 | 100 | 100 | 100 | |
| 36 | Keerithode | 3300 | 12000 | 200 | 200 | 200 | 300 | 100 | 100 | 100 | 200 | 1700 | 200 | 200 | 200 | 500 |
| 37 | Kiliyarkandam | 10000 | 15000 | 100 | 100 | 100 | 200 | 100 | 100 | 100 | 100 | 1250 | 100 | | 100 | 100 |
| 38 | Kombayar | 3000 | | 250 | 500 | 500 | 500 | 250 | 250 | 250 | 250 | 250 | 250 | | | 250 |
| 39 | Koombanpara | 15000 | 25000 | 250 | 250 | 250 | 250 | 200 | 200 | 200 | 200 | 500 | 200 | 200 | 150 | 150 |
| 40 | Korandakad | 1000 | 1000 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 |



| Sl. No. | Name of Parish | D.Fund | M. Semi. Fund | H.C. | B.S. | P.P. | M.S. | V.F. | CMF | JS | G.F | MEC | SMMS | YD | TM | JF |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 41 | Kozhimala | 2000 | 3000 | 250 | 250 | 250 | 250 | 250 | 250 | 250 | 250 | 400 | 250 | 250 | 250 | 250 |
| 42 | Kunchithanni | 37500 | | 250 | 250 | 250 | 250 | 250 | 250 | 250 | 250 | 2500 | 250 | 250 | 250 | 250 |
| 43 | Kurisupara | 6000 | 5000 | 100 | 100 | 100 | 150 | 100 | 100 | 100 | 200 | 450 | 100 | 200 | 250 | 100 |
| 44 | Kuthirakallu | 11720 | 22300 | 100 | 100 | 300 | 150 | 100 | 100 | 100 | 200 | 850 | 200 | 100 | 100 | 100 |
| 45 | Kuthupara | 6000 | 8000 | 100 | 100 | 100 | 100 | 50 | 50 | 50 | 100 | 100 | 50 | 100 | 100 | |
| 46 | Lower kulamavu | | | | | 1000 | 800 | | | | | | | | | |
| 47 | Lower periyar | | | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 200 | 100 | 100 | 100 | 100 |
| 48 | Machiplavu | 13000 | 12000 | 250 | 300 | 350 | 300 | 250 | 250 | 200 | | 1200 | 300 | | | 250 |
| 49 | Mailadumpara | 10000 | 10000 | 100 | 100 | 100 | 100 | | | | 100 | 200 | 100 | | | |
